ഡോ. ജോഷി ജേക്കബ് ലോകത്തിനും മാനവരാശിക്കും സംഭാവന ചെയ്തിരിക്കുന്നത് മനുഷ്യശരീരത്തിലെ രോഗപ്രതിരോധ സംവിധാനത്തെക്കുറിച്ചുള്ള കണ്ടുപിടുത്തമാണ്. മെമ്മറി ടി സെല്ലുകൾ എന്നറിയപ്പെടുന്ന പ്രത്യേക കോശങ്ങൾ സ്ഥിരമായി നിക്ഷേപിക്കുന്ന സംവിധാനമാണ് ഡോ. ജോഷി ജേക്കബ് നോബൽ സമ്മാന ജേതാവായ പ്രശസ്തനായ ഡേവിഡ് ബാൾട്ടിമൂറുമായി ചേർന്ന് ഗവേഷണത്തിലൂടെ കണ്ടുപിടിച്ചിരിക്കുന്നത്. ശരീരത്തിലെ രോഗാണുക്കളായ വൈറസുകളുടെ ആക്രമം ഉണ്ടായാൽ ഭൂരിപക്ഷം പ്രതിരോധ സെല്ലുകളും ചത്തൊടുങ്ങുന്നു. അവശേഷിക്കുന്ന പ്രതിരോധ സെല്ലുകൾക്ക് പുതുജീവൻ നൽകുന്നതിനുള്ള ജോലിയാണ് മെമ്മറി സെല്ലുകൾ നിക്ഷേപിക്കുന്നതിലൂടെ കൈവരിക്കാൻ പോകുന്നത്. ഇതുവരെ കണ്ടെത്താൻ വൈദ്യലോകത്തിന് കഴിഞ്ഞിട്ടില്ലാത്ത, ശാസ്ത്രലോകത്തിന് കഴിഞ്ഞിട്ടില്ലാത്ത അപൂർവ്വമായ നേട്ടമാണ് ഡേവിഡ് ബാൾട്ടി മൂറുമായി ചേർന്ന് ഡോ. ജോഷി ജേക്കബ് കണ്ടെത്തിയിരിക്കുന്നത്. ഇത് കൈവന്നതോടെ ലൂക്കീമിയ ഉൾപ്പെടെയുള്ള എല്ലാ ക്യാൻസർ രോഗങ്ങളും മനുഷ്യശരീരത്തിലെ പ്രതിരോധശക്തി കീഴടക്കുന്ന മറ്റുരോഗങ്ങളും ഡോ. ജോഷി ജേക്കബിന്റെ അപൂർവ്വ നേട്ടത്തിലൂടെ മനുഷ്യന്റെ മുമ്പിൽ കീഴടങ്ങാൻ പോകുകയാണ്. നേച്ചർ എന്ന ശാസ്ത്ര മാസികയിൽ ഡോ. ജോഷിയുടെ ഗവേഷണറിപ്പോർട്ട് സമ്പൂർണ്ണമായി പ്രസിദ്ധീകരിക്കുകയുണ്ടായി. ഇതിനോടകം നിരവധി ലോക പുരസ്കാരങ്ങൾ ഡോ. ജോഷി ജേക്കബിനെ തേടിയെത്തിക്കഴിഞ്ഞിരിക്കുന്നു. അദ്ദേഹം നോബൽ സമ്മാനത്തിന്റെ പടിവാതിൽക്കൽ എത്തിനിൽക്കുകയാണ്. മലയാളിക്ക് അഭിമാനിക്കാവുന്ന ഒരു നേട്ടമാണ്. അടുത്ത നൂറ്റാണ്ടിൽ മാനവരാശിക്കും ലോകത്തിനും ഉള്ള ഈ കൊച്ചുകേരളത്തിന്റെ സംഭാവനയാണ് ഇത്. ഈ സഭയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സഭാനാഥനായ അങ്ങും ഈ സഭ ഒന്നടങ്കവും ഡോ. ജോഷി ജേക്കബിനെ കലവറയില്ലാതെ അഭിനന്ദിക്കുകയും അദ്ദേഹത്തിന് ആശംസകൾ ചൊരിയുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, മെമ്മറി ടി സെൽസ് എന്ന രോഗങ്ങളെ ചെറുക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന രക്താണുക്കളെ വേർതിരിച്ചറിയാൻ സഹായിക്കുന്ന ഒരു സംവിധാനം വികസിപ്പിച്ചെടുക്കുകയാണ് ഡോ. ജോഷി ജേക്കബ് ചെയ്തത്. ഈ വിവരം പത്രദ്വാര ഡോ. ജോഷി ജേക്കബിന്റെ പ്രസ് റിലീസിന്റെ ആധാരത്തിൽ പ്രസിദ്ധീകൃതമായതാണ്. ഇത്ര സുപ്രധാനമായ ഒരു കണ്ടുപിടിത്തം ശാസ്ത്ര ജേർണലുകളിലോ ശാസ്ത്രജ്ഞന്മാരുടെ സെമിനാറുകളിലോ ഉൾപ്പെടുത്തി അംഗീകരിച്ചതിനുശേഷം അഭിനന്ദിക്കുന്നതായിരിക്കും ഉചിതമെന്നാണ് എന്റെ അഭിപ്രായം. പത്രത്തിൽ മാത്രമേ ഇതിന്റെ ന്യൂസ് വന്നിട്ടുള്ളൂ. ശാസ്ത്രജ്ഞന്മാരുടെ ജേർണലുകളിൽ വന്നാലും അഭിനന്ദിക്കാവുന്നതാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ശരിയാണ്. ഔദ്യോഗികമായിട്ടാണ് നമുക്കത് എടുക്കാൻ കഴിയുന്നത്. പക്ഷേ ഇത് വളരെ പ്രധാനപ്പെട്ട ഒരു വിഷയം തന്നെയാണ്.

(3) സർക്കാർ-അർദ്ധ സർക്കാർ സർവ്വീസിൽ ജോലി ചെയ്തുവരുന്ന ദിവസക്കൂലിക്കാരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം.

[10. A.M]

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, നമ്മുടെ സംസ്ഥാനത്തെ ഗവണ്മെന്റ് ഡിപ്പാർട്ടുമെന്റുകളിലും പൊതുമേഖലാസ്ഥാപനങ്ങളിലും അർദ്ധസർക്കാർ ഡിപ്പാർട്ടുമെന്റുകളിലുമൊക്കെയായി ഇന്ന് തൊഴിലെടുത്തുവരുന്ന കരാർ തൊഴിലാളികൾ, ദിവസക്കൂലിക്കാർ, താൽക്കാലിക തൊഴിലാളികൾ തുടങ്ങിയ വിഭാഗക്കാരുടെ ജോലി സംബന്ധിച്ചുള്ള ഒന്നാണ് ഞാൻ ഈ സബ്മിഷനിൽ ഉന്നയിക്കുന്നത്. കേരള

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ ഇലക്ട്രിസിറ്റി ബോർഡ്, കെ.എസ്.ആർ.ടി.സി., വാട്ടർ അതോറിറ്റി, സർക്കാർ ഫാമുകൾ, കില, പി.ഡബ്ല്യു.ഡി, ഇറിഗേഷൻ എന്നീ വകുപ്പുകൾക്കുകീഴിൽ പൊതുമേഖലാസ്ഥാപനങ്ങളായ കെ.എം.എം.എൽ., ഔഷധി, കാലടി സംസ്കൃത സർവ്വകലാശാല തുടങ്ങി (ആ ലിസ്റ്റ് ഞാൻ വായിക്കുന്നില്ല.) ഈ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലായി കോൺട്രാക്ട് തൊഴിലാളികളും, കാഷ്വൽ തൊഴിലാളികളും ദിവസക്കൂലിക്കാരുമായി ആയിരക്കണക്കിന് ആളുകളാണ് വർഷങ്ങളായി ജോലി ചെയ്തുവരുന്നത്. ഇവരെ സംബന്ധിച്ച് സുപ്രീംകോടതിയുടെ വളരെ സുപ്രധാനമായ ഒരു വിധി കഴിഞ്ഞ മാർച്ച് 31-ാം തീയതി ഉണ്ടായിട്ടുണ്ട്. Haryana State Electricity Board VS Suresh and others എന്ന ഒരു കേസ്സിലാണ് ഈ സുപ്രധാനമായ വിധി ഇൻഡ്യയ്ക്ക് എല്ലാ സ്റ്റേറ്റുകൾക്കും ബാധകമായി ഉണ്ടായിട്ടുള്ളത്. contract labourer has right to regular employment എന്നാണ് സുപ്രീംകോടതി പറഞ്ഞിരിക്കുന്നത്. ഞാൻ ആ കേസ്സിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. 240 ദിവസം തുടർച്ചയായി ജോലി ചെയ്യുന്നവരും പെർമനന്റ് നേച്ചറുള്ള സ്ഥിരം സ്വഭാവമുള്ള ജോലി ചെയ്യുന്നവരുമാണിവരെന്ന് പരിശോധിക്കുമ്പോൾ കാണാൻ കഴിയുന്നതാണ്. ആ രീതിയിൽ തൊഴിലാളികളെ കൊണ്ട് നിലവിലുള്ള എല്ലാ തൊഴിൽ നിയമങ്ങളും നിലവിലുള്ള ആനുകൂല്യങ്ങളൊക്കെ നിഷേധിക്കുന്നതുകൊണ്ടും വർഷങ്ങളായി തൊഴിലെടുപ്പിക്കാൻ പാടില്ലാ എന്നാണ് സുപ്രീംകോടതി പറഞ്ഞിട്ടുള്ളത്. അതിനെക്കുറിച്ച് അവർ പറയുന്നത് അതൊരു അൺഫെയർ ലേബർ പ്രാക്ടീസ് എന്നാണ്. ഷെയിഡ് കോൺട്രാക്റ്റ്, തെറ്റിദ്ധരിപ്പിക്കാനുള്ള ഒരു കോൺട്രാക്റ്റ് പരിപാടിയാകും എന്നാണ് സുപ്രീംകോടതി തന്നെ ഈ വിധിയിൽ പറഞ്ഞിരിക്കുന്നത്. 1.11.1987-നു മുമ്പ് നിയമിക്കപ്പെടുകയും 13.11.1995 -ൽ 7 വർഷം പൂർത്തിയായവരെയും തുടരാനനുവദിച്ചുകൊണ്ട് 9.3.1995-ൽ 16/സി1 92/പി.ആന്റ് എ. ആർ. ഡി. സർക്കുലർ പ്രകാരം കേരള ഗവണ്മെന്റ് ഒരു നടപടിയെടുത്തതാണ്. ഇവരെ സ്ഥിരപ്പെടുത്തണമോ എന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ് എന്നാണ് ഈ നിയമസഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞിട്ടുള്ളത്. എന്നാൽ ഇവരെ സ്ഥിരപ്പെടുത്തുന്നതിനെതിരായി ഹൈക്കോടതിയിൽ കേസ്സ് പോവുകയും ഒ.പി. നം. 200/42/98 പ്രകാരം 9.3.1995-ലെ ഗവണ്മെന്റ് ഉത്തരവിൽ അത് സ്റ്റേ ചെയ്തിരിക്കുകയാണ്. ആ സ്റ്റേ മാറ്റുകയും വേണം. സുപ്രീംകോടതിയുടെ ഡയറക്ഷനും നിലവിലുള്ള തൊഴിൽ നിയമങ്ങൾക്കനുസൃതമായി കരാറടിസ്ഥാനത്തിലും ദിവസക്കൂലി അടിസ്ഥാനത്തിലും താൽക്കാലികമായിട്ടുള്ള ആയിരക്കണക്കിന് തൊഴിലാളികളെ സ്ഥിരപ്പെടുത്തണം. കഴിഞ്ഞ ജൂൺമാസം സ്വാതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലിയുമായി ബന്ധപ്പെടുത്തിക്കൊണ്ടാണെന്നു വിചാരിക്കുന്നു ഗവണ്മെന്റ് ഡിപ്പാർട്ടുമെന്റുകളിൽനിന്നും, പൊതുമേഖലാസ്ഥാപനങ്ങളിൽനിന്നും റിപ്പോർട്ടുകൾ ശേഖരിച്ചുവച്ചിട്ടുണ്ട്. അതു സംബന്ധിച്ച് ആവശ്യമായാൽ ലെജിസ്ലേഷൻ ഉൾപ്പെടെയുള്ള നടപടിയെടുക്കണമെന്ന് ഞാൻ ഗവണ്മെന്റിനോട് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, പൊതുമേഖലാസ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സംസ്ഥാന സർവ്വീസുകളിൽ 1.11.87-നു മുമ്പ് താൽക്കാലിക സർവ്വീസിൽ പ്രവേശിച്ചവരും 13.1.1995-ൽ 7 വർഷം പൂർത്തിയാക്കി സർവ്വീസിൽ തുടർന്നുവന്നിരുന്നവരുമായ ദിവസവേതനക്കാർ കോൺട്രാക്ട് തൊഴിലാളികൾ, പി.ടി. കണ്ടിജന്റ് എംപ്ലോയീസ് ഉൾപ്പെടെയുള്ള താൽക്കാലിക ജീവനക്കാരെ ചില നിബന്ധനകൾക്കു വിധേയമായി

LIBRARY ARCHIVES Kerala Legislative Assembly

സർവ്വീസിൽ തുടരാൻ അനുവദിക്കേണ്ടതാണെന്ന് അറിയിച്ചുകൊണ്ട് 9.3.1995-ൽ 9516 അഡ്വൈസ് സി/1/92. പി.ആന്റ്.എ.അർ.ഡി- പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇവരെ സർവ്വീസിൽ റെഗുലറൈസ് ചെയ്യുന്ന കാര്യം പരിശോധിക്കുന്നതിനായി 1.1.1994-നു മുമ്പ് സർവ്വീസിൽ പ്രവേശിച്ചവരും 1.11.1997-ൽ 3 വർഷം സേവനം പൂർത്തിയാക്കി സർവ്വീസിൽ തുടർന്നുവരുന്നവരുമായ താൽക്കാലിക ജീവനക്കാരുടെ വിവരം 17.3.1998-ലെ 9516/സി-1/92/പി.ആന്റ് ഐ.അർ.ഡി. കത്തിലൂടെ ശേഖരിക്കുകയുണ്ടായി. താൽക്കാലിക ജീവനക്കാരെ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതിനെതിരെ ജ്യോതി. എസ്.എസ്. എന്നൊരാൾ ഹൈക്കോടതിയിൽ ഒ.പി. നം. 2042/98/ആയി ഒരു കേസ്സ് ഫയൽ ചെയ്തിട്ടുണ്ട്. ഹൈക്കോടതി 1995 മാർച്ച് 9-ലെ ഗവണ്മെന്റ് സർക്കുലറിന്റെ പരിധിയിൽ വരുന്ന താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നകാര്യം സ്റ്റേ ചെയ്തിരിക്കുകയാണ്. ഇക്കാര്യത്തിൽ സ്റ്റേ വെക്കേറ്റു ചെയ്യുന്ന മുറയ്ക്കുമാത്രമേ മേൽനടപടികൾ കൈക്കൊള്ളാൻ നിർവാഹമുള്ളൂ. സ്റ്റേ വെക്കേറ്റു ചെയ്യുന്നതിന് അടിയന്തിരനടപടികൾ കൈക്കൊള്ളാൻ അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(4) മത്സ്യത്തൊഴിലാളികളുടെ കൈവശഭൂമിക്ക് പട്ടയം നൽകണമെന്ന ആവശ്യം

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : സർ, പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ഒരു പ്രദേശമാണ് പള്ളിത്തുറ. 1963 മുതൽ ഐ.എസ്.ആർ.ഒ. യുടെ സ്ഥാപനത്തിനും വികസനത്തിനുംവേണ്ടി കുടിയൊഴിപ്പിക്കപ്പെട്ടവരാണ് പള്ളിത്തുറ നിവാസികൾ. ബഹിരാകാശ ഗവേഷണരംഗത്ത് ഒരു കുതിച്ചുകയറ്റത്തിന് ഇൻഡ്യയെ പ്രാപ്തമാക്കുന്നതിന് സ്വന്തമായി ഉള്ളതെല്ലാം ഉപേക്ഷിച്ച് ഒഴിപ്പിക്കപ്പെട്ടവരാണ് പള്ളിത്തുറയിലെ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ. കുടിയൊഴിപ്പിക്കപ്പെടുമ്പോൾ 550 ഏക്കർ ഭൂമിയാണ് പള്ളിത്തുറ നിവാസികൾ ഐ.എസ്.ആർ.ഒ.യുടെ സ്ഥാപനമായ വി.എസ്.എസ്.സി. ക്ക് കൈമാറിയിട്ടുള്ളത്. കുടിയൊഴിപ്പിക്കപ്പെട്ടതിനെത്തുടർന്ന് നിരവധി വാഗ്ദാനങ്ങൾ അധികൃതർ പള്ളിത്തുറ നിവാസികൾക്ക് നൽകുകയുണ്ടായെങ്കിലും അവയിൽ ഭൂരിപക്ഷവും പാലക്കപ്പെട്ടിട്ടില്ല. 600 കുടുംബങ്ങളെ കുടിയൊഴിപ്പിക്കപ്പെട്ടതിനെത്തുടർന്ന് തുച്ഛമായ 50 ഏക്കർ തരിശുഭൂമി മാത്രമാണ് പുനരധിവാസത്തിനുവേണ്ടി ഗവണ്മെന്റും മറ്റു ബന്ധപ്പെട്ട അധികൃതരും പള്ളിത്തുറ നിവാസികൾക്ക് അനുവദിച്ചത്. ടി സ്ഥലത്തു എല്ലാവിധ സൗകര്യങ്ങളുമടങ്ങുന്ന 550 കോളനി വീടുകളോടുകൂടിയ മിനി ഠൗൺഷിപ്പിന്റെ മാതൃകയിൽ പള്ളിത്തുറ ഗ്രാമത്തെ മാറ്റിത്തീർക്കുമെന്ന് അധികൃതർ അന്ന് ഉറപ്പുനൽകിയെങ്കിലും അവയൊന്നും പാലിക്കപ്പെടാതെ പരിമിതമായ സൗകര്യം കുറഞ്ഞ 225 വീടുകളാണ് നിർമ്മിച്ചു നൽകിയിട്ടുള്ളത്. പുനരധിവാസത്തിനായി നീക്കിവയ്ക്കപ്പെട്ട 50 ഏക്കറിൽ കോളനി നിർമ്മിച്ചു നൽകിയതിൽ 22 ഏക്കർ ഒഴികെയുള്ള ഭൂമി പള്ളിത്തുറ നിവാസികൾക്ക് കൈവശത്തിലും അനുഭവത്തിലുമാണെങ്കിലും നിരവധി നിവേദനങ്ങൾ നടത്തിയിട്ടും കൈവശക്കാർക്ക് ഇതുവരെ പട്ടയം നൽകുന്നതിനുള്ള നടപടി ഗവണ്മെന്റ് കൈക്കൊണ്ടിട്ടില്ല. നമ്മുടെ സംസ്ഥാനത്തുണ്ടായിരുന്ന ഒരു ഗവണ്മെന്റും ഒരു റവന്യൂവകുപ്പുമന്ത്രിയും ചെയ്യാത്ത ഒരു കാര്യമാണ്. ഇത് നിസ്സാരമായി ചെയ്തുകൊടുക്കാൻ കഴിയുന്ന കാര്യമാണ്. പട്ടയം ലഭിക്കേണ്ടുന്ന 22 ഏക്കർ സ്ഥലത്തും ലഭിക്കാത്തതായ 28 ഏക്കർ സ്ഥലത്തും? 1,500-ൽ പരം

LIBRARY ARCHIVES Kerala Legislative Assembly